# വരുന്നൂ നാളികേര, നീര ബോർഡ്

## ● നീര ഉൽപാദിപ്പിക്കുന്ന 11 കമ്പനികൾക്ക് ഒന്നരക്കോടി രൂപ വരെ ധനസഹായം

തിരുവനന്തപുരം● എക്സൈസ് വകുപ്പിനു കീഴിൽ നാളികേര, നീര ബോർഡ് രൂപീകരിക്കുന്നതിനും നീര ഉൽപാദിപ്പിക്കുന്ന 11 കമ്പനികൾക്ക് ഒന്നരക്കോടി രൂപ വരെ ധനസഹായം നൽകുന്നതിനും മന്ത്രിസഭ തീരുമാനിച്ചു. കള്ളുവ്യവസായത്തിന്റെ പ്രോത്സാഹനത്തിനും നീരയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനുമാണു ബോർഡ്. കാർഷികോൽപാദന കമ്മിഷണർ ചെയർമാനായിരിക്കും. എക്സിക്യൂട്ടിവ് സെക്രട്ടറി എക്സൈസ് കമ്മിഷണറായിരിക്കും.

നീരയുടെ ലൈസൻസ് ഉൾപ്പെടെ ഭരണപരമായ കാര്യങ്ങൾ എക്സൈസ് വകുപ്പും കൃഷിക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃഷിവകുപ്പുമായിരിക്കും കൈകാര്യം ചെയ്യുക. നാളികേര വികസന ബോർഡ് മുൻകയ്യെടുത്തു 173 ഫെഡറേഷനുകൾ രൂപീകരിച്ചിട്ടുള്ളതിൽ 16 എണ്ണത്തിനു നീര ചെത്താൻ ലൈസൻസ് നൽകി. അപേക്ഷ പരിഗണിച്ച് ആവശ്യാനുസരണം ലൈസൻസ് നൽകാൻ എക്സൈസ് വകുപ്പിനു നിർദേശം നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം നീരയ്ക്കായി 15 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ 1.8 കോടി നീര സംബന്ധിച്ച ഗവേഷണത്തിനും നീര ഉൽപാദനത്തിനുമായി കാർഷിക സർവകലാശാലയ്ക്കു നൽകി. ശേഷിക്കുന്ന തുക ചെലവഴിക്കാനുണ്ട്. നീര ഉൽപാദിപ്പിക്കുന്നതിനു 11 കമ്പനികൾ രംഗത്തുള്ള സാഹചര്യത്തിലാണു പരമാവധി 50% ഗ്രാന്റ് എന്ന നിലയിൽ 1.5 കോടി രൂപ വരെ കമ്പനികൾക്കു നൽകാൻ തീരുമാനിച്ചത്. നീരയുമായി ബന്ധപ്പെട്ടു കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനു മുൻതൂക്കം നൽകുമെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു.

**നീര ചെത്താൻ ലൈസൻസ്**

# 173

**നാളികേര വികസന ബോർഡ് മുൻകയ്യെടുത്തു രൂപീകരിച്ച 173 ഫെഡറേഷനുകളിൽ 16 എണ്ണത്തിനു നീര ചെത്താൻ ലൈസൻസ് നൽകി**